V മേശപ്പുറത്ത് വച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2795, 2800, 2863 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3276, പതിമൂന്നാം സമ്മേളനത്തിലെ 2988 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI ക്രമപ്രശ്നം

പ്ലാന്റേഷൻ ലേബർ ആക്ടിന്റെ ചട്ടങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നിയമനിർമ്മാണ സഭകളിൽ ബിൽ വരുമ്പോൾ അവ പ്രതീക്ഷയ്ക്കും ആശയ്ക്കും വകനൽകാറുണ്ട്. ജനങ്ങൾക്ക് ഗുണവും നന്മയും ലഭിക്കുന്നതിനുവേണ്ടിയാണ് ബില്ലിന്റെ ചർച്ചകളിൽ അംഗങ്ങൾ പങ്കെടുക്കുന്നത്. ആ ബിൽ നിയമമായി വരുമ്പോൾ പ്രതീക്ഷിച്ചതുപോലെ ജനങ്ങൾക്ക് ഗുണകരമായി തീരുന്നില്ലെന്നത് ഒരു പരമാർത്ഥമാണ്. അതിനുള്ള പ്രധാന കാരണം, ആക്ട് ഉണ്ടെങ്കിലും ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിലുള്ള റൂൾ ഉണ്ടാകുന്നില്ലെന്നതാണ്. അത്തരത്തിലുള്ള ഒരു ദൃഷ്ടാന്തമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നത്. 2010-ലെ The Plantation Labour Amendment Act No. 17 പ്രകാരം Plantation Labour Act-1951-ന്റെ സെക്ഷൻ 2, 18(b), 32(b), 33, 35, 36, 37, 39, 39 (a), 43 എന്നിവ ഭേദഗതി ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly